# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3205 — 24.02.2016-ൽ മറുപടിക്ക്

## ഭവന പദ്ധതികൾക്കായി ധനസമാഹരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.സി.വിഷ്ണുനാഥ്<br>,, കെ. മുരളീധരൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഭവന പദ്ധതികൾക്കായി ധനസമാഹരണം നടത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) ഭവന നിർമ്മാണ വകുപ്പ് മുഖേന ഭവന പദ്ധതികൾക്കായി ധനസമാഹരണം നടത്താൻ കർമ്മപദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പെട്രോൾ, ഡീസൽ ഇവയുടെമേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. പ്രസ്തുത അധിക വിൽപ്പന നികുതിയുടെ 50% തുക "എല്ലാവർക്കും വീട്" പദ്ധതിയ്ക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് വേണ്ടി തേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേന്ദ്രസഹായങ്ങൾ തേടുവാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല. |
| (സി) നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കാൻ നടപടികൾ എടുക്കുമോ? | (സി) ഭവന രഹിതരും താഴ്ന്ന വരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും 3 വർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി "എല്ലാവർക്കും വീട്" എന്ന സമഗ്ര ഭവന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനും ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത എംപവേർഡ് കമ്മിറ്റിയുടെ നിയന്ത്രണത്തിൻ കീഴിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ എല്ലാം ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ